കില കൽപ്പിത സർവ്വകലാശാല

288 (3268) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലയെ കൽപിത സർവ്വകാലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കില സർവ്വകലാശാലയാക്കുന്നതുമൂലം താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു :

- അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ആഴത്തിലുള്ള പഠനങ്ങൾ നടത്തുക.
- അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട അക്കാദമിക് കോഴ്സുകൾ ആരംഭിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനവും മറ്റു പരിപാടികളും മെച്ചപ്പെട്ട രീതിയിൽ നടത്തുക.

(ബി) കില സർവ്വകലാശാലയാക്കുന്നതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പ്രാദേശിക ഭരണത്തിൽ കൂടുതൽ പഠിക്കാൻ അവസരമുണ്ടാകുകയും അത് അധികാര വികേന്ദ്രീകരണത്തെ കൂടുതൽ ശക്തമാക്കുകയും ചെയ്യുന്നു. ഇതിൽ വിഭാവന ചെയ്തിരിക്കുന്ന എം.എ., എം.ഫിൽ, പി.എച്ച്.ഡി. എന്നീ പ്രോഗ്രാമുകളിൽ ഒരു നിശ്ചിത ശതമാനം സീറ്റ് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ജീവനക്കാർക്ക് നീക്കിവയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 21-8-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 286/2013/ത.സ്വ.ഭ.വ. പ്രകാരം കിലയെ കൽപ്പിത സർവ്വകലാശാലയാക്കി വികസിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. കില ഡയറക്ടർ ഡോ. പി. പി. ബാലനെ കില കല്പിത സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. സർവ്വകലാശാലയായി വികസിപ്പിക്കുന്ന ആവശ്യത്തിനുള്ള ഭൂമി ആർജ്ജിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2015-16 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കിലയെ സർവ്വകലാശാല ആക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കെട്ടിട നമ്പർ

289 (T* 3269) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബോട്ടുജെട്ടിയുടെ സമീപത്തുള്ള സ്ഥലത്ത് ടൂറിസം വകുപ്പ് നിർമ്മിച്ച വിശ്രമകേന്ദ്രത്തിനും കടമുറികൾക്കും കെട്ടിട നമ്പർ ഇട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ;

(ബി) കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റിന്റെ വിശദാംശവും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ബോട്ടുജെട്ടിയുടെ സമീപത്ത് ഡി.റ്റി.പി.സി.-യുടെ 4 കെട്ടിടങ്ങൾക്കും മാതാജെട്ടിക്ക് സമീപമുള്ള ഒരു വിശ്രമ കേന്ദ്രത്തിനും കെട്ടിട നമ്പർ നൽകിയിട്ടില്ല. എന്നാൽ ബോട്ടുജെട്ടിക്കു സമീപത്തുള്ള ഡി.റ്റി.പി.സി.-യുടെ കടമുറികൾക്ക് നമ്പർ നൽകിയിട്ടുണ്ട്. നിയമാനുസൃതം പ്ലാൻ മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കാത്തതിനാലാണ് നമ്പർ നൽകിയിട്ടില്ലാത്തത്.

മാലിന്യ സംസ്കരണ കമ്പനി

290 (3270) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly